ഭരണഭാഷ – മാതൃഭാഷ

**സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടറേറ്റ്, തിരുവനന്തപുരം**

dtekerala@gmail.com
0471 2561307

**<u>നടപടിക്രമം</u>**

സാങ്കേതിക വിദ്യാഭ്യാസം – ഡയറക്ടറുടെ കാര്യാലയം, തിരുവനന്തപുരം – പൊതു സ്ഥലം മാറ്റം 2025- - സ്പാർക്ക് നിർമ്മിത അന്തിമ പട്ടിക - ഭേദഗതി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ജീവനക്കാര്യം (സി ) വിഭാഗം**

**നം.** DTETVM/1741/2025-RC5 (RC) **തിരുവനന്തപുരം, തീയതി :20-06-2025**

---

വായന :- 1. 18/06/2025 തീയതിയിലെ ഇതേ നമ്പർ ഉത്തരവ്
2. ജീവനക്കാരുടെ അപേക്ഷകൾ.

**<u>ഉത്തരവ്</u>**

ഈ വകുപ്പിന് കീഴിലുള്ള സർക്കാർ പോളിടെക്നിക് കോളേജുകളിൽ സിവിൽ എഞ്ചിനീയറിങ് വിഭാഗം ലക്ചറർ തസ്തികയിൽ സേവനമനുഷ്ഠിക്കുന്ന ജീവനക്കാരുടെ 2025 വർഷത്തെ പൊതു സ്ഥലം മാറ്റത്തിൻറെ അന്തിമ പട്ടിക വായന(1) പ്രകാരം പ്രസിദ്ധീകരിച്ചിരുന്നു.

കളമശ്ശേരി ജി പി ടി സിയിൽ HOD തസ്തിക ഡി ഗ്രേഡഡ് ചെയ്ത് ലക്ചറർ തസ്തികയാക്കി വെച്ചിരുന്നത് ,HOD പ്രൊമോഷൻ നടന്ന സാഹചര്യത്തിൽ ഇത് HOD തസ്തികയാക്കി ക്രമീകരിച്ചിരുന്നു.എന്നാൽ സ്പാർക്കിൽ ഇത് സംബന്ധിച്ച ക്രമീകരണം സ്ഥാപനത്തിൽ നടത്താതെയിരുന്നതിനാൽ HOD തസ്തിക ഡി ഗ്രേഡഡ് ചെയ്ത് ലക്ചറർ തസ്തികയാക്കി വെച്ചിരുന്ന ഒഴിവിലേക്ക് കാസർഗോഡ് ജി പി ടി സി യിലെ ശ്രീ അനുമോൾ വി എസ് നു സ്പാർക്ക് മുഖേനയുള്ള അന്തിമ പട്ടികയിൽ തൻറെ ആദ്യ ഓപ്ഷൻ ആയ ജി പി ടി സി കളമശ്ശേരി യിൽ മാറ്റം ലഭിക്കുകയും ചെയ്തു. കൂടാതെ
പ്രത്യേക പരിഗണന ലഭിക്കേണ്ടിയിരുന്ന ലക്ഷ്മി പ്രിയ എൻ ആയത് സംബന്ധിച്ച രേഖകൾ സ്പാർക്ക് ൽ രേഖപ്പെടുത്തുകയോ ,പകർപ്പുകൾ ഈ കാര്യാലത്തിൽ സമർപ്പിക്കുകയോ ചെയ്യാതിരുന്നതിനാൽ സ്പാർക്ക് മുഖേനയുള്ള അന്തിമ പട്ടികയിൽ ടി യാൾക്ക് ജി പി ടി സി മുട്ടത്തേയ്ക്ക് സ്ഥലം മാറ്റം ലഭിക്കുകയും ചെയ്തു.

മേൽ വായന (1) ലെ അന്തിമ പട്ടികയിലെ ക്രമ നമ്പർ 8 ആയ ലക്ഷ്മി പ്രിയ എൻ നെ( PEN 848653) വെണ്ണിക്കുളം സർക്കാർ പോളിടെക്നിക് കോളേജിലും ക്രമ നമ്പർ 14 ആയ ജ്യോതിസ് ജോർജ്ജ് (PEN 834632)നെ മുട്ടം സർക്കാർ പോളിടെക്നിക് കോളേജിലും ക്രമ നമ്പർ 25 ആയ ശില്പ മോൾ ടി .എസ് നെ (PEN 995818) നടുവിൽ സർക്കാർ പോളിടെക്നിക് കോളേജിലും നിലനിർത്തികൊണ്ടും ക്രമ നമ്പർ 26 ആയ ശ്രീമതി അനുമോൾ വി എസ്(PEN 941263 ) നെ കോതമംഗലം സർക്കാർ പോളിടെക്നിക് കോളേജിൽ ശ്രീ എബി വർഗീസ് സ്ഥലം മാറിയ ഒഴിവിലേക്ക് മാറ്റം നൽകിയും ഭേദഗതി ഉത്തരവ് പുറപ്പെടുവിക്കുന്നു .

മേൽ ഭേദഗതികളോടെ വായന(1) ലെ ഉത്തരവ് നിലനിൽക്കുന്നതാണ്.

Signed by Ani Abraham
Date: 20-06-2025 15:28:26

ANI ABRAHAM

SENIOR JOINT DIRECTOR (PS)

പകർപ്പ്

1. ബന്ധപ്പെട്ട ജീവനക്കാർക്ക് / സ്ഥാപന മേലധികാരികൾക്ക് (ഔദ്യോഗിക വെബ്സൈറ്റ് മുഖേന)